ക്കുന്നതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തുകഴിഞ്ഞു. നാളെ കൂടുന്ന മന്ത്രിസഭാ യോഗത്തിൽ വച്ച് ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊള്ളും.

V. ക്രമപ്രശ്നം

ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ : സർ, അങ്ങേക്ക് .....

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നതിന്റെ മറുപടി ലഭിച്ചിട്ടില്ല.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഇന്നാണ് ഞാൻ പ്രസംഗിക്കുന്നത്, ഇത് ഇന്നലെയും ഇന്നുമായി പ്രസംഗിക്കുന്ന അംഗങ്ങൾക്കെല്ലാം ബാധകമായ കാര്യമാണ്.

മി. സ്പീക്കർ : മറുപടി ലഭിക്കാതെ എങ്ങനെയാണ് പറയുക.

ശ്രീ. കെ.സി. വേണുഗോപാൽ : സർ, നമ്മുടെ നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കാനുള്ള അവകാശം അംഗങ്ങൾക്കുള്ളതാണ്. ചോദ്യങ്ങൾ വെട്ടിച്ചുരുക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണമായി പറഞ്ഞത്, യഥാസമയം ഉത്തരം ലഭിക്കാൻവേണ്ടിയുള്ള ഒരു സൗകര്യത്തിനുവേണ്ടിയാണെന്നാണ്. സർ, ഇന്നലെ പൊതുഭരണവകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയായിരുന്നു. ഇന്ന് ആഭ്യന്തര വകുപ്പിന്റെ ചർച്ചയാണ്. ഈ രണ്ടു ചർച്ചകളിലും ആവശ്യമായ വിവരം കിട്ടുന്നതിനു വേണ്ടിയിട്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ ചോദ്യം ചോദിക്കുന്നത്. എത്ര ചോദ്യത്തിന് ഉത്തരം കിട്ടിയെന്ന് അങ്ങേയ്ക്കറിയാമോ, ആഭ്യന്തര വകുപ്പിന്റെയും പൊതുഭരണ വകുപ്പിന്റെയും പ്രധാനപ്പെട്ട ഒരു ചോദ്യത്തിനും ഉത്തരം കിട്ടിയില്ല. ഒരു നിർഭാഗ്യകരമായ കാര്യം ഇതേ ചോദ്യം ഉൾക്കൊള്ളുന്ന ഒരു സബ്മിഷൻ ഇന്നലെ വന്നു, സബ്മിഷന് മുഖ്യമന്ത്രി മറുപടി പറഞ്ഞു, അപ്പോൾ ഗവൺമെന്റിന് വിവരം കിട്ടാത്തതുകൊണ്ടല്ല. ഇത് മനഃപൂർവ്വമായി അംഗങ്ങൾക്ക് വിവരം നൽകുന്നതിൽനിന്ന് ഒഴിഞ്ഞുമാറുന്ന ഒരു സമീപനമാണ്. ഇത് അംഗങ്ങൾക്കുള്ള അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്. അങ്ങ് ഈ കാര്യത്തിൽ ശക്തമായി റൂളിംഗ് നൽകണം.

മി. സ്പീക്കർ : ശ്രീ.കെ.സി. വേണുഗോപാൽ നൽകിയ കത്ത് ഞാൻ മുഖ്യമന്ത്രിയുടെ പരിശോധനയ്ക്കുവേണ്ടി അയച്ചുകൊടുത്തു. അവിടെനിന്ന് ഔദ്യോഗികമായിട്ട് അതിനുള്ള മറുപടി കിട്ടിയില്ലായെങ്കിലും അവിടെനിന്ന് അറിയിച്ചത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അതൊക്കെ ഒപ്പിട്ടുപോയി, പക്ഷെ ഡിപ്പാർട്ടുമെന്റിൽനിന്ന് ഇവിടെ എത്താൻ താമസിച്ചു എന്നാണ്. പക്ഷെ ഔദ്യോഗികമായിട്ടുതന്നെ ഞാൻ ആ കാര്യങ്ങൾ ശേഖരിച്ച് സഭയെ അറിയിക്കുന്നതാണ്.

ബഹളം ..... പക്ഷെ ഒരു കാര്യംകൂടി ചെയർ പറഞ്ഞുകൊള്ളട്ടെ,

ശ്രീ. ടി.എം. ജേക്കബ് : സർ, ഇന്നലെ ഞാൻ അങ്ങയുടെ ചേംബറിൽവന്ന് ഈ കാര്യം പറഞ്ഞു, സാർ ഇതിനകത്തുള്ളത്, ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് പറഞ്ഞിരിക്കുന്നത്, അങ്ങ് തന്നെ പറഞ്ഞതാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് ഒപ്പിട്ടു. ഇത് ഒപ്പിട്ടു കഴിഞ്ഞാൽ പിന്നെ വരുന്നത് ലെജിസ്ലേച്ചറിലേയ്ക്കാണ്. അപ്പോൾ അതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് കുഴപ്പം കാണിച്ചു എന്നാണോ, ഞങ്ങൾ അങ്ങനെയാണോ മനസ്സിലാക്കേണ്ടത്.

മി. സ്പീക്കർ : ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ,

ശ്രീ. ടി.എം. ജേക്കബ് : കുറ്റം അങ്ങയുടെ തലയിൽ വച്ചിട്ട് കാര്യമില്ല, സർ, ഇവിടെ ഇന്നലെ ഞങ്ങൾക്ക് കൃത്യമായിട്ട് മറുപടി തന്ന മന്ത്രിമാർ ഉണ്ട്. ഒരു മെമ്പർക്ക് അഞ്ചു ചോദ്യമായിട്ട് നിജപ്പെടുത്തി. നേരത്തെ ഇഷ്ടംപോലെ ക്വസ്റ്റ്യൻസ് വന്നിരുന്നു. ഇതൊക്കെ കാലാകാലങ്ങളിൽ ഇവിടെ നടക്കുന്നതല്ലേ, ഈ അഞ്ചു ക്വസ്റ്റ്യൻസ് ആയിട്ട് നിജപ്പെടുത്തുമ്പോൾ തീർച്ചയായിട്ടും ഞങ്ങൾക്ക് ആവശ്യമായ മെറ്റീരിയൽസ് കിട്ടണം. അതിനുവേണ്ടിയാണ് ചോദിക്കുന്നത്.

മി. സ്പീക്കർ : അത് കൃത്യമായിട്ടുള്ള മറുപടി കിട്ടാത്തതുകൊണ്ടാണ്, അത് ഞാൻ അറിയിക്കാം എന്നു പറഞ്ഞല്ലോ, അറിയിക്കാം. സഭയെ അറിയിക്കുന്നതാണ്. പക്ഷെ ഒരു കാര്യം നമ്മൾ അഞ്ചു ചോദ്യമായി നിജപ്പെടുത്തിയതിന്റെ ഫലമായി ഇതിലൊക്കെ ഒരു കൃത്യതയുണ്ടായിട്ടുണ്ട്. കേൾക്കുക, കിട്ടുന്നത് പറയണ്ടേ, ഇപ്പോൾ മുഖ്യമന്ത്രിയുടെ കാര്യത്തിൽ ഇത് വന്നു എന്നല്ലേ പറഞ്ഞുള്ളൂ, മറ്റു മന്ത്രിമാരുടെ കാര്യങ്ങളിലെല്ലാം പൂർണ്ണമായും ഈ സഭയിൽ അത് വരുന്നതിനുമുൻപ് ആൻസർ തരുകയാണ്. മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല, ഈ സഭയുടെ ചരിത്രത്തിൽ മുൻപ് ഉണ്ടായിട്ടില്ലാത്ത തരത്തിൽ കാര്യങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട്. അത് നാം കാണണം, അതേസമയം ചില കാര്യങ്ങൾക്ക് വന്നത് എന്താണെന്ന് നമുക്ക് പരിശോധിക്കാം. ഞാൻ മുൻപ് പറഞ്ഞിട്ടുണ്ട്, മുൻകാലങ്ങളിലൊക്കെ, ഒരു അഞ്ചുവർഷ കാലയളവിൽപ്പോലും ഉത്തരം കിട്ടാത്ത ചോദ്യങ്ങളുണ്ട്. ഇത് അങ്ങനെ ഒരിക്കലും ഉണ്ടായിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : മുൻകാലങ്ങളിൽ ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന കാലഘട്ടത്തിൽ ഇന്ന് നൽകേണ്ടതിന്റെ പത്തിരട്ടി ചോദ്യങ്ങൾക്കാണ് മറുപടി നൽകേണ്ടിയിരുന്നത്. ഒരുദിവസം നൂറ്റിയൻപതും ഇരുന്നൂറും ചോദ്യങ്ങൾ, അതിന്റെ ഫയൽ നോക്കാൻ സമയം വേണം. ഇപ്പോൾ അഞ്ചായിട്ട് നിയന്ത്രിച്ചു, ഇത് മന്ത്രിമാരെ സഹായിക്കാനാണ്. നിയന്ത്രിച്ചുകഴിഞ്ഞിട്ടും ചോദ്യത്തിന് ഉത്തരം നൽകുന്നത് എങ്ങനെയെന്ന് അറിയുമോ, ഇപ്പോൾ particular ഡിമാന്റിന് കിട്ടേണ്ട ചോദ്യം ആ സമയത്ത് തരത്തില്ല, അത് ബോധപൂർവ്വമാണ്. ഇതു കഴിഞ്ഞിട്ടുപിന്നെ --- അപ്പോൾ സപ്രഷൻ ഓഫ് ഫാക്ട് ആണ്. അപ്പോൾ ഇനിയും മന്ത്രിമാർക്ക് ഇതിൽ ന്യായീകരണമില്ല. പണ്ട് ഇരുന്നൂറ് ചോദ്യത്തിന് ഉത്തരം നൽകണം, ഇന്ന് അത് പറയാൻ അവകാശമില്ല. അപ്പോൾ ഇൻഡ്യയിലെ സംസ്ഥാനനിയമസഭകൾ ചെയ്യാത്ത ഒരു കാര്യം നമ്മൾ അറിഞ്ഞുകൊണ്ടു ചെയ്യുന്നതാണ്. എല്ലാപേരുടെയും കൺസെന്റോടുകൂടി, മെമ്പർമാരുടെ അവകാശം നിയന്ത്രിച്ചുകൊണ്ട്, പാർലമെന്റിൽ നിയന്ത്രണമുണ്ടായിരിക്കും, പക്ഷേ സംസ്ഥാന നിയമസഭകളിൽ നിയന്ത്രണമില്ല. മെമ്പർമാരുടെ അവകാശം നിയന്ത്രിച്ചുകൊണ്ട് മന്ത്രിമാരുടെ ആ പ്രായോഗിക വൈഷമ്യത്തിനു പരിഹാരം ഉണ്ടാക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ ആ തീരുമാനം നടപ്പിലാക്കിയേ പറ്റൂ. അതുകൊണ്ട് മന്ത്രിമാർ ഓരോ സമയത്തും കൃത്യമായിട്ടും ഉത്തരം നൽകണം. അപൂർവ്വമായിട്ട് ഒന്നോ രണ്ടോ വീഴ്ചവന്നാൽ മനസ്സിലാക്കാം പക്ഷെ ഇതൊരു സ്ഥിരം രീതി ആയി മാറരുത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ അഭിപ്രായത്തോട് യോജിപ്പാണ്, ആ വികാരത്തോടും ചെയർ യോജിക്കുന്നു, പക്ഷെ പ്രായോഗികമായ ചില കാര്യങ്ങൾകൂടി മനസ്സിലാക്കണം. അങ്ങയുടെ പ്രസ്താവനയിലെ ഒരു വിയോജിപ്പ്, ഇത് പാർലമെന്റിൽ മാത്രമല്ല, ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

അധികം അംഗസംഖ്യയുള്ള യു.പി. നിയമസഭയിൽപ്പോലും ചോദ്യം അഞ്ചായി നിജപ്പെടുത്തിയിട്ടുണ്ട്. റൂൾ ഞാൻ കാണിച്ചുതരാം.

ശ്രീ. എ.കെ. ആന്റണി : പക്ഷെ കേരള നിയമസഭയിൽ ഇല്ലായിരുന്നല്ലോ,

മി. സ്പീക്കർ : കേരളനിയമസഭയിൽ ഇല്ല. അങ്ങ് പറഞ്ഞത് ശരിയാണ്. ഏതായാലും അത് ദുരുദ്ദേശപരമല്ല.

ശ്രീ. എ.കെ. ആന്റണി : അംഗങ്ങളുടെ അവകാശം.

മി. സ്പീക്കർ : അതെ

ശ്രീ. എ.കെ. ആന്റണി : ചില നിയമസഭകളിൽ ആദ്യകാലം മുതലുള്ള റൂളാണിത്. കേരള നിയമസഭ ഉണ്ടായ ചരിത്രം മുതൽ റൂൾ പ്രകാരം അംഗങ്ങൾക്ക് അൺലിമിറ്റഡ് ചോദ്യം ചോദിക്കാനുള്ള അവകാശമുണ്ട്. സത്യം പറഞ്ഞാൽ നിയന്ത്രണം ഏർപ്പെടുത്തിയത് പ്രതിപക്ഷത്തിന്റെ ഔദാര്യം കൊണ്ടാണ്. പ്രതിപക്ഷം ആ തീരുമാനത്തെ അംഗീകരിച്ചില്ലായെങ്കിൽ ആരു വിചാരിച്ചാലും നടപ്പിലാക്കാൻ സാദ്ധ്യമല്ല. കാരണം അംഗങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടാൻ പാടില്ല. പ്രതിപക്ഷം ഭരണകക്ഷിയോട് സഹകരിച്ചതുകൊണ്ടാണ്, അത് മനസ്സിലാക്കാൻ പോലും തയ്യാറാകുന്നില്ലായെങ്കിൽ അത്യാവശ്യമായ ഡിമാന്റുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ ഉത്തരം മനഃപൂർവ്വം മാറ്റുന്നത് ബോധപൂർവ്വമാണ്. ചില മന്ത്രിമാർക്ക് എക്സംപ്ഷൻസ് ഉണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ എക്സംപ്ഷൻ എന്നു പറഞ്ഞാൽ ആ ഉത്തരങ്ങൾ വിവാദപരമല്ല, പ്രധാനപ്പെട്ട ഡിമാന്റുകൾ വിവാദപരമാണ്. ആ ഉത്തരങ്ങളാണ് തരാത്തത്. ആഫീസിൽ ഇരുന്നുകൊണ്ട് നൽകാവുന്ന ഉത്തരങ്ങളുണ്ട്, ആഫീസ് മാത്രം നൽകേണ്ട ഉത്തരങ്ങളുണ്ട്. ആ ഉത്തരങ്ങൾ പോലും നൽകുന്നില്ല. അപ്പോൾ ഇതൊക്കെ സപ്രഷൻ ഓഫ് ഫാക്ട്സാണ്. വളരെ ഫലപ്രദമായിട്ടുള്ള ചർച്ചകൾ തടയാൻ വേണ്ടിയുള്ള ബോധപൂർവ്വമായ കാര്യമാണ്. ഇതിന് ന്യായീകരണമില്ല. ന്യായീകരണമുണ്ടായിരുന്നു. അൺലിമിറ്റഡ് ക്വസ്റ്റ്യൻസ് ഉണ്ടായിരുന്നപ്പോൾ, ഈ ഭരണകക്ഷി പ്രതിപക്ഷത്തായിരുന്നുവെങ്കിൽ സമ്മതിക്കുകയില്ലായിരുന്നു എനിക്ക് അറിയാം. ഞങ്ങൾ അറിഞ്ഞുകൊണ്ട് ഞങ്ങളുടെ അവകാശങ്ങൾക്ക് ഈ ഒരു നിയന്ത്രണം വന്നപ്പോൾ സമ്മതിച്ചു. ഞങ്ങൾ പറ്റുകയില്ല എന്നു പറഞ്ഞിരുന്നുവെങ്കിൽ നടപ്പിലാക്കാൻ പറ്റുമോ? ഞങ്ങൾ സമ്മതിച്ചതിനുശേഷം ഈ ഓരോ നിയമസഭയിലും ഞങ്ങൾ പിന്നെയും പിന്നെയും ആവലാതിക്കാരായി വരേണ്ട സാഹചര്യം ശരിയല്ല. ഇതിന് ഒരു അവസാനമായ തീർപ്പ് ഉണ്ടായാലേ പറ്റൂ.

മി. സ്പീക്കർ : യേസ്, യേസ്.

ശ്രീ. പി.പി. തങ്കച്ചൻ : സർ, അങ്ങ് പറഞ്ഞ ഉത്തരങ്ങൾ ധാരാളം വരുന്നുണ്ടെന്ന്. അത് ശരിയാണ്. ചില മന്ത്രിമാരുടേതിന് ഒക്കെ നന്നായിട്ട് വരുന്നുണ്ട്. പക്ഷേ, ആ ഉത്തരം പരിശോധിച്ചപ്പോൾ മറുപടിക്കകത്ത് പറയുന്നത് വിവരം ശേഖരിച്ചുവരുന്നു എന്നാണ്. ഉദാഹരണത്തിന് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ മുഖ്യമന്ത്രിയുടെ വിദേശയാത്രയെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചു. അതിന്റെ മറുപടിക്ക് വേറെ ഒരു സ്ഥലത്തും പോകേണ്ട. ജി.എ.ഡി. യിലെ ഓഫീസർ മാത്രം മതി. അതിന് വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി തന്നിരിക്കുന്നത്.

മി. സ്പീക്കർ : പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്നു. അത് ഗൗരവമായി തന്നെ എടുക്കാം. അത് നമുക്ക് കഴിയുന്ന കാര്യമാണ്. ഇത് സർക്കാരിനെയും മന്ത്രിമാരെയും സഭയെയും എല്ലാം സഹായിക്കാൻ വേണ്ടി നാം സ്വയം എടുത്ത ഒരു തീരുമാനമാണ്. ഒന്നും ആരും അടിച്ചേൽപ്പിച്ചതല്ല. അതിന്റെ ഫലമായിട്ട് ചോദ്യങ്ങളുടെ ഗുണനിലവാരവും ഉയർന്നിട്ടുണ്ട്. എല്ലാം മാറിയിട്ടുണ്ട്. കൃത്യമായിട്ട് ആൻസർ കിട്ടുന്നുണ്ട്. ഇങ്ങനെ അപൂർവ്വ

LIBRARY ARCHIVES Kerala Legislative Assembly

മായി വന്നിട്ടുള്ള ആ കാര്യങ്ങൾ പ്രത്യേകം ഗൗരവമായി പരിശോധിച്ച് അതിന് പോംവഴിയുണ്ടാക്കാം. അത് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

VI. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 1999-2000					
		25.3.1999ൽ സഭ പാസ്സാക്കിയ ഓട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക			
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	ആകെ രൂപ	
1	2	3	4	5	6	7	
XII	പോലീസ്	1,47,35,55,000	1,12,97,000	2,94,71,09,000	2,25,94,000	2,96,97,03,000	
XIII	ജയിലുകൾ	5,71,09,000	---	11,42,18,000	---	11,42,18,000	
III	നീതിന്യായ നിർവ്വഹണം	26,98,91,000	---	53,97,82,000	---	53,97,82,000	
XIV	സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും	27,51,45,000	7,33,000	55,02,89,000	14,67,000	55,17,56,000	

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, പോലീസ് എന്ന XII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും ജയിലുകൾ എന്ന XIII -ാം നമ്പർ ധനാഭ്യർത്ഥനയുടേയും നീതിന്യായ നിർവ്വഹണം എന്ന III -ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly